# M.T.V.H.S.S KUNNAM

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# M T V H S S KUNNAM



## ആമുഖം

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ ഉപജില്ലയുടെ പരിധിയിലുള്ള വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ കുന്നം ഗ്രാമത്തിലെ വിദ്യാർത്ഥികളുടെ സമഗ്രമായ വിദ്യാഭ്യാസ - സാമൂഹിക- സാംസ്കാരിക ജീവിത പുരോഗതി ലക്ഷ്യം വെച്ച് പ്രർത്തിച്ചുവരുന്ന ഒരു എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ് മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ

1949 -ൽ സ്ഥാപിതമായ കുന്നം മാർത്തോമ്മ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഈ ഗ്രാമത്തിന്റെ വെളിച്ചവും വഴികാട്ടിയുമായി 76 വർഷമായി ശോഭയോടെ നിൽകുന്നു.

മർത്തോമ്മ സുവിശേഷ പ്രസംഗ സംഘത്തിന്റെ ഉടമസ്ഥതയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത് സ്കൂളിന്റെ സുഗമമായ നടത്തിപ്പിനാഅയി ലോക്കൽ അഡ്വൈസറി കമ്മിറ്റിയും, പി.ടി.എ യും പ്രവർത്തിച്ചുവരുന്നു സ്വദേശത്തും വിദേശത്തും ഉന്നത നിലകളിൽ സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന പ്രതിഭകളെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

5 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പ്രവർത്തിച്ചുവരുന്നു. ആകെ 11 ഡിവിഷനുകൾ നിലവിൽ ഉണ്ട് 5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 15 അദ്ധ്യാപകരും വി എച്ച് എസ് ഇ യിൽ പ്രിൻസിപ്പൽ ഉൾപ്പെടെ 10 അദ്ധ്യാപകരും പ്രവർത്തിച്ചു വരുന്നു അനദ്ധ്യപകർ 4 പേർ ഹൈ സ്കൂൾ വിഭാഗത്തിൽ പ്രവർത്തിക്കുന്നു

## വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | | |
|---|---|---|
| Std V | - | 23 |
| Std VI A | - | 23 |
| Std VI B | - | 14 |
| Std VII A | - | 26 |
| Std VII B | - | 13 |
| Std VIII A | - | 23 |
| Std VIII B | - | 17 |
| Std IX A | - | 34 |
| Std IX B | - | 20 |
| Std X | - | 22 |
| Std X | - | 20 |

Total - 235

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | മാർത്തോമ്മാ വൊക്കേഷണൽ |
| | | ഹയർ സെക്കറി സ്കൂൾ, കുന്നം |
| വിദ്യാഭ്യാസ ഉപജില്ല | : | റാന്നി |
| ജില്ല | : | പത്തനംതിട്ട |
| റവന്യൂ ജില്ല | : | പത്തനംതിട്ട |

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : എം.ടി.വി.എച്ച്.എസ്.എസ്. |

കുന്നം

| | | |
|---|---|---|
| 2. | വിലാസം | : വെച്ചൂച്ചിറ പി.ഒ., കുന്നം-686511 |
| 3. | ഫോൺ | : 04735-265256 |
| 4. | സ്കൂൾ കോഡ് | : 38047 (0) |
| 5. | വിദ്യാഭ്യാസ ഉപജില്ല | : റാന്നി |
| 6. | റവന്യൂജില്ല | : പത്തനംതിട്ട |
| 7. | ബി.ആർ.സി | : റാന്നി |
| 8. | സി.ആർ.സി | : കുന്നം |
| 9. | ഗ്രാമപഞ്ചായത്ത് | : വെച്ചൂച്ചിറ |
| 10. | ബ്ലോക്ക് പഞ്ചായത്ത് | : റാന്നി |
| 11. | ജില്ലാപഞ്ചായത്ത് | : പത്തനംതിട്ട |
| 12. | നിയമസഭാമണ്ഡലം | : റാന്നി |
| 13. | ലോക്സഭാ മണ്ഡലം | : പത്തനംതിട്ട |
| 14. | താലൂക്ക് | : റാന്നി |
| 15. | വില്ലേജ് | : ചേത്തയ്ക്കൽ |
| 16. | ഇ-മെയിൽ | : mtvhss38047@gmail.com |

## പൊതുലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടി സ്ഥാന ത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
4. അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധ ത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
5. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
6. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹി പ്പിച്ച് സംസ്ഥാന ദേശീയ അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
7. 1 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയി ട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
8. കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുകവഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ യെന്ന് ഉറപ്പു വരുത്തുക.
9. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാ ലയങ്ങളിൽ എത്തിക്കുക.
10. ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാക്കത്തക്കരീതിയിൽ കാര്യക്ഷമമായ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക.
11. പാഠ്യേതരമികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
12. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
13. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാ വുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
14. പ്ലാസ്റ്റിക് മുക്ത -കീടനാശിനി മുക്ത-ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
15. സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
16. തനതായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
17. വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്രമാതൃക വികസിപ്പിക്കുക.
18. പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെ ത്തിക്കുക.
19. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണം അർത്ഥപൂർണ്ണമാക്കുക.
20. വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പി ക്കുവാൻ ലക്ഷ്യമിട്ട് നൈപുണി വികസന പരിപാടി സമഗ്രമാക്കുക.
21. സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്കരിക്കുക.
22. സ്കൂൾ കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക

## വിഷയം -മാതൃഭാഷ ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറ പ്പാക്കുക.
2. എല്ലാ കുട്ടികളും ഓരോപ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ചനിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.
3. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക
4. സർഗ്ഗാത്മക സാഹിത്യ അഭിരുചി വളർത്തുക
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജന പ്പെടുത്തുക.

മെച്ചപ്പെട്ട അക്കാദമിക നിലവാരം കൈവരിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ – വിഷയാടിസ്ഥാനത്തിൽ

# പൊതു ലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

# മേഖല യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൻ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടി കൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ–കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ–മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ് | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ച തിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ച്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# സ്കൂൾ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ മലയാളം

പ്രവർത്തനം 1
ഭാഷയും സാഹിത്യവും അനുസ്മരിപ്പിക്കുന്ന ദിനാചരണങ്ങൾ/വിവരശേഖരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുകാർ / പ്രസ്ഥാന പരിചയം | വിവര ശേഖരണം പ്രദർശനം എല്ലാവരിലുമെത്തിക്കൽ | ആഴ്ചയിൽ രണ്ട്, മൂന്ന് | വിദ്യാരംഗം കലാ–സാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |

പ്രവർത്തനം 2
ഗ്രന്ഥശാലാ നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദേശീയവും അന്തർദേശീയവും ലോകോത്തരവുമായ കൃതികൾ പരിചയപ്പെടാൻ അവ സരമൊരുക്കൽ | ജന്മദിനത്തിൽ ഒരു പുസ്തകം ലൈബ്രറിക്ക് വർഗ്ഗീകരിച്ച് പുനഃക്രമീകരിക്കൽ പുസ്തക വിതരണം | ആഴ്ചയിൽ | ലൈബ്രേറിയൻ സ്കൂൾ കുട്ടി ഗ്രന്ഥ ശാലാ സംഘം | വേണമെങ്കിൽ മാത്രം |

പ്രവർത്തനം 3
ഭാഷാകൈത്താങ്–അക്ഷരം ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തും വായനയും എളുപ്പമാക്കൽ | അക്ഷരം ഉറപ്പിക്കുവാനും എഴുത്തും വായനയും തെളിച്ചമുള്ള താകവാനും | എല്ലാ ദിവസവും | ഭാഷാദ്ധ്യാപകർ, സന്നദ്ധരായവർ കട്ടികൾ | വേണമെങ്കിൽ മാത്രം |

പ്രവർത്തനം 4
സർഗ്ഗാത്മക രചനകൾ – പ്രകാശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള ഭാഷാ പ്രാവീണ്യം നേടൽ | കട്ടികളുടെ സർഗ്ഗ വൈഭവം കണ്ടെത്തൽ | ദിവസവും ആഴ്ചയിലും | വിദ്യാരംഗം കലാ–സാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |

പ്രവർത്തനം – 5
രചകളുടേയും കലാ–പ്രവർത്തനങ്ങളുടേയും വെളിച്ചത്തിൽ രചനാ ശിൽപ്പ ശാലകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പ്രകടനശേഷി കുറ്റമറ്റതാക്കൽ | ശിൽപ്പ ശാലകളിൽ രൂപപ്പെട്ടന്ന സൃഷ്ടികൾ വായിക്കാനും പഠന പ്രവർത്തങ്ങളുമായി ബന്ധപ്പെടുത്തുവാനും കഴിയുന്ന വിധത്തിൽ | ആഴ്ചയിൽ | വിദ്യാരംഗം കലാ–സാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |
| വിവിധ കലാ പരിപാടികൾ അവതരിപ്പിക്കുവാനും ആസ്വദിക്കാനുമുള്ള സാഹചര്യം ഒരുക്കൽ | അഭിനയം അവതരണം തുടങ്ങിയവയ്ക്കു പ്രാധാന്യം | വർഷത്തിൽ | വിദ്യാരംഗം കലാ–സാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |

പ്രവർത്തനം 6
വായന വീട്ടിലേക്ക് –പുസ്തക സഞ്ചിയുമായി കുട്ടികൾ സമീപ വാസികളിലേക്കും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | ലൈബ്രറി പുസ്തകങ്ങൾ താല്പര്യമുള്ള രക്ഷിതാക്കളിലേക്കും സമീപവാസികളിലേക്കും എത്തിക്കുക | ഒരു വർഷത്തിൽ ഒരു തവണയെങ്കിലും | ലൈബ്രേറിയൻ കുട്ടി ഗ്രന്ഥശാലാ സംഘം | വേണമെങ്കിൽ മാത്രം |

**പ്രവർത്തനം 7**
**50 കവികൾ 50 കവിതകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളേയും കൃതികളേയും പരിചയപ്പെടൽ ജീവചരിത്രക്കുറിപ്പ് അഭിമുഖം ഇത്യാദി ശേഖരിക്കൽ | കാവ്യ സദസ്സ് കണ്ടും അനുഭവിച്ചും വിവരശേഖരണം ജീവചരിത്രക്കുറിപ്പ്, അഭിമുഖം ഇത്യാതി | ഒരു വർഷം | ഭാഷാദ്ധ്യാപകർ | പി ടി എ സന്നദ്ധർ |

**പ്രവർത്തനം 8**
**പാഠ ഭാഗങ്ങളുടെ പാഠാസൂത്രണം തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃത്യമായ ഭാഷാ ശേഷിയിലേക്ക് കുട്ടിയെ കൈപിടിച്ചുയർത്തുന്നതിന് | അദ്ധ്യാപന സഹായി / ഐസി ടി / സമഗ്ര അധിഷ്ഠിത ടി എം ആസൂത്രണം | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാദ്ധ്യാപകർ | ആവശ്യമെങ്കിൽ |

# UP - English Academic Master Plan

| Aims | Activities | Month | Responsibile Person | Economic Source |
|---|---|---|---|---|
| To encourage Listening & Speaking<br><br>introduce different genres (fiction,non-fiction,poetry) enhance vocabulary Enhance listening skills. | Interactive storytelling sessions discussing themes,characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge | June | English Teachers | |
| To encourageReadings<br><br>Develop basic readings, writings, listening and speaking skills. | Interactive Reading Circles<br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br>Each group reads the assigned text together and discusses key elements like plot,characters and themes.<br>Encourage students to take turns reading aloud and share their interpretations and reactions to the text.<br>After discussions,each group presents a summary or analysis of their assigned text to the class.<br>Guided reading sessions with comprehension questions.<br>Debates and presentations for advanced speaking practice | July<br><br>August- December | English Teachers | English Club |

| Aims | Activities | Duration | Task/Responsibility | Finance |
|---|---|---|---|---|
| To develop<br>Writing Skills<br><br>Intriduce grammatied concepts suh as parts of speech ,tenses and sentence structure.<br><br>To develop basic grammer rules. focus on sentence structure,punctuation & grammer | Improve sentence structure<br>practice for simple creative writing tasks like descriptive paragraphs,short stories and simple poetry.<br><br>Preparing and delivering speeches. listening to and analysing different media sources.<br><br>Structured grammer lessons with examples and practice exercise. work sheets on parts of speech, punctuation and sentence types. | January - February | | |
| Differentiation and Support. | Recognise and accomodate the diverse learning needs of students through differentiated instruction,including accommodations and modification for specially abled students<br>and gifted learners.<br><br>Provide additional support and resources such as small-group instruction,tutoring, peer monitoring and remedial programs to help struggling students and challenge advanced learners | Through out<br>The Year | English Teachers | English Club |

| Aims | Activities | Duration | Task/Responsibility | Finance |
| --- | --- | --- | --- | --- |
| Assessment and Feedback | Design a range of assessment task and tools to measure students language proficiency,comprehension,writing skills etc.<br>use a variety of assessment methods such as quizzes,tests,essays and performance tasks to assess different aspects of language learning. | | | |

# HS - English Academic Master Plan

| Aims | Activities | Duration | Task/Responsibility | Finance |
|---|---|---|---|---|
| English Language learning<br><br>Providing Opportunity to read and write English Fluently | 1. Informal Conversation in English with children<br>2. English Newspaper Reading<br>3. Language game<br>4. Record and hear simple and funny English Language<br>5. English Notice Board in Classes<br>6. English assembly | Daily/ Weekly<br>Once in a Month | English Teachers | PTA<br>English Club |
| Creative Writing in English<br><br>● Enhancing English Vocabulary<br>● Communicating in English | 1. Class Library<br>2. Reading Competitions<br>3. 'Sargavela, in English<br>4. Wall Magazines<br>5. Dictionary<br>6. Cards for reding | | | |
| English Theatre<br><br>Uses English Language for Creative activities | 1. Preparing Skit, Drama, Role-Play etc Based on the lessons<br>2. Abridge and adapt Various Stories to Present in the from of radio plays | | | |

| Aims | Activities | Duration | Task/Responsibility | Finance |
|---|---|---|---|---|
| English Fest<br><br>Bring Children to the Level where they can speak and write English with grammatical accuracy | 1. Various activities with Children are presented on the stage during the two Holidays<br>2. Skit, Drama, Role - Play, Recitation Choreography Reader's Theatre etc.<br>3. Write script of lessons and prepares Videos | Two Days | PTA<br>HM<br>English Teachers<br>SRG convenor<br>Other Subject Teachers | |
| English Diary<br><br>Write English with out Mistakes | Scribble down daily activities at school and at Home | Daily | English Teachers | |
| Book review and cross Word Puzzle<br><br>Language Learning through games and Reading | 1. Suggest book and present reviews on it<br>2. provide incentives to those who find out the answers to cros- word puzzles | Daily/ Monthly | English Teachers | |
| English Language Learing Focussing on Backword (Learning difficulty)students<br><br>Includes THose Students who are backward in language Learning | 1. Prepares Special Simplified Modules in The Moth Of June It Self<br>2. Video Presentation of vocabulary Stories, preparation of Picture Cards Charts etc to make learninh more enjoyable<br>3. Assess the learning level of students monthly | Daily/ Monthly | English Teachers | |

| Aims | Activities | Duration | Task/Responsibility | Finance |
|---|---|---|---|---|
| Language Learning For CWSN Students<br><br>Enabel them to reach the Maximum of their talents | 1. create an atmosphere for communicating only in English<br>2. Spoken English Training<br>3. Train them to make Speech Presentation etc.<br>4. give Opportunities to watch and hear English Movies, news and discussion etc | Daily/ Monthly | English Teachers | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ഹ്രസ്വം<br>ജൂൺ– ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ് –സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴു തുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഡിസംബർ – ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ– ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയ പ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽപ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യകാലം<br>ഓഗസ്റ്റ് –സെപ്റ്റംബർ |

| | | |
|---|---|---|
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ – നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുത കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ– ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | മധ്യകാലം<br>ഓഗസ്റ്റ് –സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറി യുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ – ജനുവരി |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി – ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ – എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | **ശാസ്ത്ര വിസ്മയ ചുമർ** ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>**യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>ശാസ്ത്രാധ്യാപകർ | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായിബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല ഹൈസ്കൂൾ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **നിരീക്ഷണാധിഷ്ഠിത പഠനം:**<br>പ്രകൃതി പ്രതിഭാസങ്ങൾ, ജീവികൾ, വസ്തുക്കൾ എന്നിവ നിരീക്ഷിക്കാനും ഈ നിരീക്ഷണങ്ങൾ ക്രമാനുഗതമായി രേഖപ്പെടുത്താനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക. | • വിദ്യാർത്ഥികൾക്ക് സജീവമായി ഇടപഴകുന്നതിനായി അധ്യാപന, പഠന സാമഗ്രികൾ ലഭ്യമാക്കണം.<br>• സയൻസ് ലാബുകളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും പരിപാലിക്കുകയും നവീകരിക്കുകയും വേണം.<br>• പ്രവർത്തനങ്ങൾ പഠിതാവിനെ കേന്ദ്രീകരിച്ചുള്ളതും വ്യക്തിഗതവും ഗ്രൂപ്പ് പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായിരിക്കണം. | | | |
| **ശാസ്ത്രീയ മനോഭാവം വികസിപ്പിക്കൽ:**<br>അന്വേഷണത്തിലൂടെ ശാസ്ത്രീയമായ അവബോധം കെട്ടിപ്പടുക്കാനും പര്യവേക്ഷണം ചെയ്യാനും നിർമ്മിക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന രീതിയിൽ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും സംഘടിപ്പിക്കുക. | • ക്ലാസ് മുറികളിൽ പ്രസക്തമായ വസ്തുക്കൾ ഉപയോഗിച്ച് ശാസ്ത്ര മൂലകൾ സൃഷ്ടിക്കണം.<br>• ശാസ്ത്രീയ ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്ര പ്രദർശനങ്ങൾ, ക്വിസുകൾ, സെമിനാറുകൾ, മേളകൾ എന്നിവ നടത്തണം.<br>• എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യത ഉറപ്പാക്കാൻ സൗകര്യങ്ങൾ ഒരുക്കണം. | | | |
| **പരിശീലനത്തിലൂടെയുള്ള നൈപുണ്യ വികസനം:**<br>പ്രായോഗിക പഠനത്തിലൂടെ ശാസ്ത്ര പ്രക്രിയാ കഴിവുകൾ പരിശീലിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അവസരങ്ങൾ സൃഷ്ടിക്കുക. | • പ്രാദേശികമായി ലഭ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നു.<br>• പ്രകൃതി പഠനത്തിനും പരിസ്ഥിതി പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്നു.<br>• പ്രോജക്ടുകൾ, ഫീൽഡ് വർക്ക്, ഡോക്യുമെന്റേഷൻ എന്നിവയിൽ പങ്കെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം.<br>• വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ അധ്യാപകർക്ക് പരിശീലനം നൽകണം. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ആശയപരമായ വ്യക്തത:**<br>ആശയങ്ങൾ വ്യക്തമായി മനസ്സിലാക്കാനും യഥാർത്ഥ ജീവിത സാഹചര്യങ്ങളുമായി അവയെ ബന്ധിപ്പിക്കാനും വിദ്യാർത്ഥികളെ സഹായിക്കുന്ന വിധത്തിൽ പഠനം സുഗമമാക്കുക. | ● ക്ലാസ് മുറിയിലെ പ്രക്രിയകൾ വിദ്യാർത്ഥികളെ അത്യാവശ്യ കഴിവുകൾ വികസിപ്പിക്കാൻ സഹായിക്കണം. | | | |

## മേഖല യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു മുത്തുകൾ, ഫ്ളാഷ് കാർഡ്, ഉപയോഗിക്കുന്നു | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒദിനാദിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രവശ്യം | ഗണിത അധ്യാപകൻ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും<br>ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| | | വർഷത്തിൽ<br>അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ,<br>ക്ലബ്ബ് ലീഡർമാർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യത കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൻ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗ പ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# മേഖല ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം**<br>പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ,<br>മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീ വിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം,<br>തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ,<br>മുതിർന്ന അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയി ലേക്ക്: മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപ കരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡ് | |

# മേഖല : യു.പി സാമൂഹ്യശാസ്ത്രം

June മാസത്തെ subject council 5/6/25 4.pm നു ചേർന്നു.യോഗത്തിൽ
2 social science അധ്യാപികമാർ പങ്കെടുത്തു.

## അവലോകനം

- 5,6,7 class –കളിലെ പഠന പ്രവർത്തനങ്ങളിൽ കുട്ടികളെ കൂടുതൽ സമയ പ്രവർത്തികൾ നൽകുന്നതു സംബന്ധിച്ചു വിശദീകരണം നടത്തി
- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള Video പ്രദർശനത്തിനു അധിക സമയം ലഭിക്കുന്നതുമായി ചർച്ച ചെയ്തു.
- Worksheet കൾ പൂർത്തികരിക്കുന്നതിനു വേണ്ടി കുട്ടികളെ സഹായിക്കുന്ന കാര്യങ്ങളെ കുറിച്ചു ഒരു അവലോകനം നടത്തി.
- Social Science Club ന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ നടത്തുകയും അതിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനെ കുറിച്ചും വിശദീകരിച്ചു.
- July മാസത്തിലെ പാഠഭാഗങ്ങളെ കുറിച്ചുള്ള worksheet കളും, Teaching Materials ഉം ക്ലാസുകളിൽ നൽകുന്നതിനെ കുറിച്ചു വിശദീകരിച്ചു.

## തീരുമാനങ്ങൾ

- Scheme of work അനുസരിച്ചു August മാസത്തിലെ പാഠഭാഗങ്ങളുടെ Work sheet തയ്യാറാക്കുക.
- Social Sciencec Culb ന്റെ ആഭിമുഖ്യത്തിൽ ഹിരോഷിമ, നാഗസാക്കി ദിനങ്ങൾ ആചരിക്കാൻ തീരുമാനിച്ചു.
- ഇതുമായി ബന്ധപ്പെട്ടു കുട്ടികൾ തയ്യാറാക്കുന്ന Video Presentation School ആഡിറ്റോറിയത്തിൽ പ്രദർശിപ്പിക്കുവാൻ തീരുമാനിച്ചു
- Social Science - 5th std ലെ unit ഭക്ഷണവും, മനുഷ്യരും എന്ന പാഠഭാഗവുമായി ബന്ധപ്പെട്ടു ഒരു ഭക്ഷ്യമേള ക്ലാസിൽ നടത്തുവാൻ തീരുമാനിച്ചു.
- Activity eriented questions നിർമ്മിച്ചു 5,6,7ക്ലാസുകളിൽ ഒരു മാതൃക പരീക്ഷ നടത്തി കുട്ടികളെ പുതിയ പരീക്ഷ സംവിധാനത്തെ കുറിച്ചു കൂടുതൽ സുപരിചിതമാക്കാനും തീരുമാനിച്ചു

# മേഖല ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |
| 3) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ് :** സാമൂഹശാസ്ത്ര ലാബുകൾ ക്രമികരിക്കുന്നു. ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | | | പി.ടി.എ, മാനേജ്മെന്റ് |
| 4) മതേരത്വം, സാഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്ത നത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ** സർവ്വേ പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | **പട്ടുപാതയിലൂടെ:**<br>ഭൂരിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു.<br>അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതരാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കു റിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റും ലരേ സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്ര കൊട്ടാരം:**<br>വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം.<br>കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല: സമഗ്രവികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലപരിധി | ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ | പിന്തുണ |
|---|---|---|---|---|
| **സ്കൂൾ കലർ**<br>സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തില ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് സ്കൂളിൽ സജ്ജീകരിക്കൽ | വർഷത്തിൽ 1 പ്രാവശ്യം മധ്യകാലം | | S.R.G<br>PTA |
| പൂർവ്വാധ്യാപക സംഗമം<br>സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാധ്യാ പകരെ വിളിച്ചു ചേർത്ത് അനുഭവങ്ങൾ പങ്കുവയ്ക്കൽ, ആദരിക്കൽ, സമിതി രൂപീകരിക്കൽ | 2 വർഷത്തി ലൊരിക്കൽ ദീർഘ കാലം | | Staff Council |
| രക്ഷിതാക്കൾക്ക് ഇ– സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)<br>വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | മാസത്തിൽ 2 ഹ്രസ്വകാലം | | H.M<br>it@ School<br>S.I.T.C |
| പോഷകാഹാര പരിപാടി<br>ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിനങ്ങളിലും ഹ്രസ്വകാലം | | |
| മൺമറഞ്ഞ ആഹാരം<br>കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ, പലഹാരങ്ങൾ, ആഹാര സാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയുന്നു. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ ഇവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | | | S.R.G<br>PTA |
| മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര<br>കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ – പാഠാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ 1 മധ്യകാലം | | S.R.G<br>PTA |